# പതിമൂന്നാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2341 — 23.03.2012-ൽ മറുപടിയ്ക്ക്

## ഫാക്ടിന്റെ പ്രതിസന്ധി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എസ്. ശർമ്മ :<br>ശ്രീ. സാജു പോൾ :<br>പ്രൊഫ. സി. രവീന്ദ്രനാഥ് :<br>ശ്രീ. ബി.ഡി. ദേവസ്സി : | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രി) |
| (എ) പൊതുമേഖലാ സംരംഭമായ ഫാക്ട് കേന്ദ്ര അവഗണന നേരിടുന്ന സ്ഥിതിവിശേഷം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (എ) ഇല്ല. 2005-06 സാമ്പത്തിക വർഷത്തിൽ ഇന്ത്യാ ഗവൺ മെന്റ് ഫാക്ടിന്റെ പുനരുദ്ധാരണത്തിനായി താഴെ പറയുന്ന നടപടികൾ സ്വീകരിക്കുകയുണ്ടായി.<br>1) 31.03.2005 വരെ ഫാക്ട് കൊടുക്കാൻ ഉണ്ടായിരുന്ന പലിശയായ 85.77 കോടി രൂപയും അതിന്റെ പിഴപ്പലിശയും എഴുതിത്തള്ളി.<br>2) 31.03. 2005 വരെ ഇന്ത്യാ ഗവൺ മെന്റിന് ഫാക്ട് തിരിച്ചടയ്ക്കാനുണ്ടായിരുന്ന വായ്പാ തുകയായ 584.60 കോടി രൂപയുടെ 50 ശതമാനം, അതായത് 292.30 കോടി രൂപ കമ്പനിയുടെ ഇക്വിറ്റി മൂലധനമാക്കി മാറ്റുകയുണ്ടായി.<br>3) കമ്പനിയുടെ വോളന്ററി റിട്ടയർ മെന്റ് സ്കീം നടപ്പാക്കുന്നതിനായി പദ്ധതിയിതര വായ്പയായി നൽകിയ 60 കോടി രൂപ എഴുതിത്തള്ളുകയുണ്ടായി.<br>4) 31.03.2005-ൽ അവശേഷിച്ചിരുന്ന ഇന്ത്യാ ഗവൺ മെന്റ് വായ്പയായ 232.30 കോടി രൂപ (584.60 കോടി - 292.30 കോടി - 60 കോടി = 232.30 കോടി) എഴുതിത്തള്ളുകയുണ്ടായി.<br>5) മേൽപ്പറഞ്ഞ ഇളവുകൾ 2005 മാർച്ച് 31-ന് പ്രാബല്യത്തോടുകൂടി നടപ്പിലാക്കി.<br>2007-08 സാമ്പത്തിക വർഷത്തിൽ ഇന്ത്യാ ഗവൺ മെന്റ് 200 കോടി രൂപയുടെ മറ്റൊരു ഗ്രാന്റും അനുവദിക്കുകയുണ്ടായി. 2010-11 സാമ്പത്തിക വർഷത്തിൽ ഫാക്ടിന്റെ പുനരുദ്ധാരണം ബി.ആർ.പി. എസ്.ഇ (പൊതുമേഖലാ സ്ഥാപന പുനരുദ്ധാരണ ബോർഡ്) ഏറ്റെടുക്കുകയുണ്ടായി. ഇതിലേക്കായി നിർ ദ്ദേശം തയ്യാറാക്കുന്നതിനുവേണ്ടി ഡിലോയ്റ്റ് എന്ന കൺസൾട്ടന്റിനെ കമ്പനി നിയമിച്ചിട്ടുണ്ട്. |
| (ബി) നാഫ്ത നഷ്ടപരിഹാരവും, വളം സബ്സിഡിയും യഥാസമയം അനുവദിക്കാത്തതിനെ തുടർന്ന് അറ്റാദായത്തിൽ ഫാക്ടിന് 2010-11 വർഷത്തിൽ എത്ര കോടി രൂപ നഷ്ടം ഉണ്ടായിട്ടുണ്ട് ; | (ബി) ഫാക്ടിന്റെ മുഖ്യ ഉല്പന്നമായ ഫാക്ടം ഫോസിന് ടണ്ണിന് 3121 രൂപ എന്ന നിരക്കിലും അമോണിയം സൾ ഫേറ്റിന് ടണ്ണിന് 3658 രൂപ എന്ന നിരക്കിലും നാഫ്ത ഉപയോഗിക്കുന്നതിലെ അധിക ചെലവിനുള്ള താൽക്കാലിക നഷ്ടപരിഹാരം എന്ന നിലയിൽ ഇന്ത്യാ ഗവൺ മെന്റ് പ്രഖ്യാപിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ, നാഫ്തയ്ക്കുള്ള നഷ്ടപരിഹാരം വൈകിയതിന്റെ പേരിൽ ഫാക്ടിന് നഷ്ടമൊന്നും സംഭവിച്ചിട്ടില്ല. |

2008-09 സാമ്പത്തിക വർഷത്തിൽ ഇന്ത്യാ ഗവൺ മെന്റ് ഫെർട്ടിലൈസർ സബ്സിഡിക്കു പകരമായി 265 കോടി രൂപയുടെ ഫെർട്ടിലൈസർ ബോണ്ട് ഫാക്ടിനു നൽകുകയുണ്ടായി. ഈ ബോണ്ടുകൾ പിന്നീട് സർക്കാർ നിർദ്ദേശ പ്രകാരം ഗവൺ.മെന്റിലേക്ക് തിരികെ വാങ്ങിയ ഇനത്തിൽ ഉണ്ടായ നഷ്ടത്തിന്റെ 50 ശതമാനം തുകയായ 18.49 കോടി രൂപ 2010-11 ലെ ഫാക്ടിന്റെ കണക്കിൽ ചേർത്തിട്ടുണ്ട്. ബോണ്ടു വിൽപനയിലെ നഷ്ടത്തിന്റെ 50 ശതമാനം വകവെച്ചു തരാമെന്ന് ഗവൺ മെന്റ് സമ്മതിച്ചിട്ടുണ്ട്. ഇതിനു പുറമെ 2010-11 സാമ്പത്തിക വർഷത്തിൽ ബോണ്ടുകൾക്കു ലഭിച്ച പലിശയും ബാങ്കുകളിൽ നിന്ന് വായ്പ യെടുത്തതിന് ഫാക്ട് കൊടുത്ത പലിശയും തമ്മിലുള്ള അന്തരം മൂലം 14 കോടി രൂപയുടെ അധിക ബാദ്ധ്യതയും ഫാക്ടിന് ഉണ്ടായിട്ടുണ്ട്.

(സി) 2010-11 സാമ്പത്തിക വർഷത്തിൽ ഫാക്ടിന് നാഫ്ത ഇനത്തിൽ ലഭിക്കേണ്ടിയിരുന്ന നഷ്ടപരിഹാരം എത്രയായിരുന്നു; ലഭിച്ചത് എത്ര ;

(സി) 2010-11 സാമ്പത്തിക വർഷത്തിൽ നാഫ്തയുള്ള നഷ്ടപരിഹാരമായി 277 കോടി രൂപ ഫാക്ടിന് ലഭിക്കേണ്ടതായിരുന്നു. ഇതിൽ 200 കോടി രൂപ 2010-11 ലും, ബാക്കി തുക 2011-12 ലും ലഭിക്കുകയുണ്ടായി.

(ഡി) 2010-11 ൽ വളം സബ്സിഡി ഇനത്തിൽ ലഭിക്കേണ്ടിയിരുന്ന തുക എത്ര ; ആ വർഷം എത്ര ലഭിച്ചു ;

(ഡി) 2010-11 ൽ വളം സബ്സിഡി ഇനത്തിൽ 1159 കോടി രൂപ ഫാക്ടിന് ലഭിക്കണമായിരുന്നു. ഇതിൽ 844 കോടി രൂപ 2010-11 ലും ബാക്കി തുക 2011-12 ലും ലഭിച്ചു.

(ഇ) അമോണിയം പ്ളാന്റിനോടൊപ്പം യൂറിയ പ്ളാന്റില്ലാത്തത് മൂലം ഫാക്ടിൽ നിന്നും പ്രതിവർഷം എത്ര ടൺ യൂറിയ ഉല്പാദിപ്പിക്കാനുള്ള കാർബൺ ഡൈ ഓക്സൈഡാണ് പാഴാകുന്നത് ;

(ഇ) ഫാക്ട് പുറന്തള്ളുന്ന കാർബൺ ഡൈ ഓക്സൈഡ് ഉപയോഗപ്പെടുത്തി പ്രതിദിനം 1500 ടൺ യൂറിയ ഉല്പാദിപ്പിക്കാനാകും. എന്നാൽ ഇതിനു വേണ്ടി ഉദ്ദേശം 1030 കോടി രൂപയുടെ അധിക മുതൽമുടക്ക് വേണ്ടിവരും.

(എഫ്) ഫാക്ട് നേരിടുന്ന പ്രയാസങ്ങൾ കേന്ദ്ര ഗവൺ മെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ ?

(എഫ്) ഫാക്ടിന്റെ മൂലധന പുനക്രമീകരണത്തിനും മറ്റു സഹായങ്ങൾക്കും വേണ്ടി ഒരു നിർ ദ്ദേശം ഇന്ത്യാ ഗവൺ.മെന്റിന്റെ രാസവളം ഡിപ്പാർ മെന്റ് സമർപിച്ചിട്ടുണ്ട്. ബി.ആർ.പി.എസ്.ഇ-ക്ക് സമർപ്പിക്കുന്നതിനുവേണ്ടി വിശദമായ ഒരു സാമ്പത്തിക പുനക്രമീകരണ പദ്ധതി ഒരു കൺസൾട്ടന്റ് വഴി തയ്യാറാക്കുവാൻ ഡിപ്പാർട്ടുമെന്റ് ഫാക്ടിനോട് ആവശ്യപ്പെട്ടിരിക്കുകയാണ്. കമ്പനിയുടെ സാമ്പത്തിക നില മെച്ചപ്പെടുത്തുന്നതിനുവേണ്ടി ഒരു പുനക്രമീകരണ പദ്ധതി തയ്യാറാക്കാനായി ഫാക്ട് ഒരു കൺസൾട്ടന്റിനെ നിയമിച്ചിട്ടുണ്ട്. അവരുടെ റിപ്പോർട്ട് ഉടൻ ലഭിക്കുമെന്നാണ് പ്രതീക്ഷ.

സെക്ഷൻ ഓഫീസർ